LIBRARY ARCHIVES Kerala Legislative Assembly

Mr. K. Balakrishna Menon *(Minister for Food and Education)*: The matter has been referred to the Diwan Peishkar and the Chief Engineer. They have been asked to prepare a scheme and submit to Government..

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അതിന്ന് കല്പന കൊടുത്തിട്ട് എത്ര കാലമായി ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: നോട്ടീസു വേണം.

Mr. Paramel Ipe Ipe *(Kunnamkulam)*: What will be the financial commitment of the Government for launching the scheme under consideration?

Mr. K. Balakrishna Menon *(Minister for Food and Education)*: That is being considered by the Finance Committee.

മിസ്റ്റർ എം. ഐ. പോൾ: ഈ സ്കീമിലെ നടപടികൾ എത്രകാലംകൊണ്ട് പൂർത്തിയാകുമെന്നു പറയാമോ ?

Mr. K. Balakrishna Menon *(Minister for Food and Education)*: I may also submit, Sir, for the information of the House that there is every chance of our getting free fabricated houses and we are likely to get some huge imports from America. We are already carrying on negotiations with some firms in this matter.

Mr. P. K. Dewer *(Nominated)*: Wherefrom can we get this?

Mr. K. Balakrishna Menon *(Minister for Food and Education)*: From America.

മിസ്റ്റർ പി. ശങ്കരമേനോൻ ഇതിന്റെ fate നെമ്മാറ പോലീസ് ലൈനിന്റെ മാതിരി ആകാതിരിക്കുമൊ ?

Mr. K. Balakrishna Menon *(Minister for Food and Education)*: Let us hope for the best.

Mr. P. Govinda Menon *(Ernakulam)*: Have the Government got priority for the import of these free fabricated houses?

Mr. K. Balakrishna Menon *(Minister for Food and Education)*: That is what I said. We are carrying on some negotiations and if these are successful, we will be dealing the matter with the Government of India.

മിസ്റ്റർ പി കുമാരനെഴുത്തച്ഛൻ: ഈ ഉത്തരത്തെ സംബന്ധിച്ച് scheme ഇവിടെ വെച്ചിട്ടുണ്ട്. അതിൽ നമ്പർ ൨-ൽ പറയുന്നതിന്റെ പുറമെയല്ലെ ഇത് ?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: അതെ; അതിന്നു പുറമെയാണ്.

MOTOR VEHICLES TAX—TOTAL INCOME ADN EXPENDITURE

276. **മിസ്റ്റർ കെ. കൊച്ചുകുട്ടൻ:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി പറയുമോ —

(എ) മോട്ടോർ വെഹിക്കിൾ ടാക്സ് സ്റ്റേറ്റിൽ ഏർപ്പെടുത്തിയതിനു ശേഷം ൧൧൨൨-ൽ സ്റ്റേറ്റിൽ ഈ ഇനത്തിൽ ഉണ്ടായിട്ടുള്ള ആകെ വരവെത്ര; ആകെ ചിലവെത്ര;

(ബി) ഈ ഇനത്തിലുള്ള ബിൽ, ചെലാൻ എന്നിവകൾ ട്രഷറിവഴിക്കാണൊ പാസ്സാക്കപ്പെട്ടിട്ടുള്ളത്?

റാവുബഹദൂർ ടി. കെ. നായർ:

(എ) വരവ്. ക ൩,൨൯,൮൬൭—൩—൧൧.
ചിലവ്. ക. ൨൪,൦൧൮—൯—൯.

(ബി) അതെ.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ഈ പുതിയ ടാക്സ് ഏർപ്പെടുത്തിയതിന്നുശേഷം ട്രഷറിയിൽ കൂടുതൽ staff-നെ വെച്ചിട്ടുണ്ടോ ?

റാവുബഹദൂർ ടി. കെ. നായർ: നോട്ടീസ്സു വേണം.

മിസ്റ്റർ പി. കെ. ഡീവർ: ഈ tax introduce ചെയ്തതിന്നു ശേഷം ആദ്യത്തെ toll system പ്രകാരമുള്ള വരുമാനവും, ഈ tax പ്രകാരമുള്ള വരുമാനവും തമ്മിലുള്ള വ്യത്യാസമെന്തു് എന്ന് പറയാമൊ ?

മിസ്റ്റർ എം. ശിവരാമമേനോൻ: ടാക്സാണ് ടോളിനെക്കാൾ കൂടുതൽ.

SUPPLY OF WOOD TO DIWAN BAHADUR C. P. KARUNAKARA MENON —PARTICULARS OF

277. **മിസ്റ്റർ പി. കെ. ഡീവർ:** താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ട് സദയം മറുപടി പറയുമൊ;—

LIBRARY ARCHIVES Kerala Legislative Assembly

(എ) ദിവാൻ ബഹദൂർ സി. പി. കരുണാകര മേനോന് ൧൧൨൪-ലൊ ൧൧൨൫-ലൊ പുരപണി ആവശ്യത്തിന കൊച്ചി ഗവർമ്മെണ്ടിൽനിന്ന തടി നൽകുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം തരം തടികൾ, എത്ര വീതം;

(സി) എന്തു വിലവെച്ചു കൊടുത്തു;

(ഡി) എവിടെ നിന്നാണ് കൊടുത്തതു്;

(ഇ) അദ്ദേഹത്തിന കൊടുത്ത തടികൾക്ക് ആ കാലത്തെ മാർക്കററു നിലവാരം അനുസരിച്ചു് എന്തുവിലവരും?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ഉണ്ട്.

(ബി) തേക്ക തടികൾമാത്രം, ഉദ്ദേശം അറുപതു കണ്ടിയോളം.

(സി) അന്നത്തെ ൧൧൨൨ ടാരിഫ് (ഗവമ്മെണ്ട്) റേററനുസരിച്ചു്.

(ഡി) നെമ്മാറ ഡെപ്പോവിൽനിന്ന്.

(ഇ) ഉദ്ദേശം എഴായിരം ഉറുപ്പികയോളം വിലവരും.

മിസ്റ്റർ പി. കെ. ഡീവർ: ഈ ടാരിഫ് റേററ് എന്താണെന്നു പറയാമൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എഴുപത്തിരമ്പതുറുപ്പിക ആറണ വരും,

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഈ ടാരിഫ് റേററും മാക്കററ് റേററും താരതമ്യപ്പെടുത്തിയാൽ ഏതാണു കൂടുതൽ ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മാക്കററ് റേററാണ്.

മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: അവതമ്മിൽ എത്രമാത്രം വ്യത്യാസമുണ്ടാകും?

മിസ്റ്റർ പറമ്പി ലോനപ്പൻ: നൂററുറുപ്പികയോളമുണ്ടാകും.

PATIENTS IN THE TRICHUR TUBERCULOSIS HOSPITAL

288. **മിസ്റ്റർ എം. ഒ. തോമക്കുട്ടി:** താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവമ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ ക്ഷയരോഗാസ്പത്രിൽ ൧൧൨൦, ൧൧൨൧, ൧൧൨൨ എന്നീ കൊല്ലങ്ങൾവരെ എത്ര രോഗികളുടെ പേരുകളാണ് റജിസ്റ്റർ ചെയ്തിട്ടുള്ളതു്;

(ബി) ഇങ്ങിനെ ദിനംപ്രതി വർദ്ധിച്ചുവരുന്ന സുഖക്കേടുകൾ പടന്നു പിടിക്കാതിരിപ്പാൻ ഗവമ്മെണ്ടിൽ നിന്നും എന്തു നിവാരണമാണ് ചെയ്തു വന്നിട്ടുള്ളതു്;

(സി) ഇത്തരം രോഗബാധിതരായിട്ടുള്ളവരിൽ എത്ര പേരെ അവിടെനിന്നും ചികിത്സിക്കുന്നതിനുള്ള സൌകര്യക്കുറവുകൊണ്ട് പറഞ്ഞയക്കേണ്ടതായി വന്നിട്ടുണ്ട്.

(ഡി) രോഗികൾക്ക കൊടുക്കേണ്ടുന്നതിന പററിയ കട്ടിൽ, കിടക്ക മുതലായവയില്ല എന്നുള്ള പരാതിയും ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെന്നുവരികിൽ അതിന്ന് എന്തു നിവാരണമാണു ചെയ്തിട്ടുള്ളതു്;

(എഫ്) തൃശ്ശിവപേരൂർ പട്ടണത്തിൽ ജനനിബിഡമായി താമസിക്കുന്ന സ്ഥലത്തു് ഈ ആസ്പത്രി സ്ഥിതിചെയ്യുന്നതുകൊണ്ടാണ് ഇത്തരം സുഖക്കേടുകൾ വർദ്ധിക്കുന്നതിന കാരണമായി തീരുന്നതെന്നുള്ള പരാതിയും ഗവമ്മേണ്ടിൻെറ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ജി) ഉണ്ടെന്നുവരികിൽ അതിന്ന് എന്തു നിവാരണമാണു ചെയ്തിട്ടുള്ളതു്?

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ:

(എ) ൧൧൨൦-ൽ ആകെ ൧൩൯൭ പേരുകൾ റജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ൬൫൦ ആളുകൾ ക്ഷയരോഗികളാണ്.

൧൧൨൧-ൽ ആകെ ൨൦൧൭ പേരുകൾ റജിസ്റ്റർ ചെയ്തതിൽ ൬൫൫ പേർ ക്ഷയരോഗമുള്ളവരാണ്.

൧൧൨൨-ൽ ആകെ ൨൫൫൬ പേരുകൾ റജിസ്റ്റർ ചെയ്തതിൽ ൧൯൭൦ പേർ ക്ഷയരോഗമുള്ളവരാണ്.

(ബി) കൂടുതൽ ചികിത്സാസൌകര്യങ്ങളുണ്ടാക്കുവാൻ ഗവമ്മെണ്ട് പരിശ്രമിക്കുന്നുണ്ട്. മുളങ്കുന്നത്തുകാവിൽ ഒരു ക്ഷയരോഗാസ്പത്രി ഉടനെ തുറക്കുന്നതായിരിക്കും. മട്ടാഞ്ചേരിയിലും ഒരു ടി. ബി. ക്ലിനിക്ക് തുടങ്ങുവാൻ ഉദ്ദേശമുണ്ട്. ഇതിന്നും പുറമെ ഈ രോഗം പകരുന്നതിനെ തടയുവാൻ വേണ്ട നിർദ്ദേശങ്ങൾ രോഗികൾക്ക നൽകുന്നുണ്ട്.

(സി) ൩൭.